**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6568 08.11.2016 – ൽ മറുപടിയ്ക്ക്

## ആശാകിരൺ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശയ്യാവലംബരായ (1) സീന സൂസൻ സാം, ചിറമേൽ വീട്, ചെങ്ങന്നൂർ (2) ക്രിസ്റ്റോ മാത്യു സാം, ശാസ്ത്രപുറത്ത് ഉണ്ടിയിൽ, പുത്തൻകാവ് ചെങ്ങന്നൂർ എന്നീ കുട്ടികളുടെ രക്ഷിതാക്കൾക്ക് 'ആശാകിരൺ' പദ്ധതി പ്രകാരം സഹായം എത്തിക്കാൻ വൈകുന്നതിന്റെ കാരണം വിശദീകരിക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിൽ ആശാ കിരൺ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ശയ്യാവലംബരായ രോഗികളെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതി മുഖേന പ്രതിമാസം 600/- രൂപ ധനസഹായം അനുവദിച്ചു വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സീന സൂസൻ സാം, ചിറമേൽ വീട്, ചെങ്ങന്നൂർ (2) ക്രിസ്റ്റോ മാത്യു സാം, ശാസ്ത്രപ്പുറത്ത് ഉണ്ടിയിൽ, പുത്തൻ കാവ്, ചെങ്ങന്നൂർ എന്നീ കുട്ടികളുടെ രക്ഷിതാക്കളുടെ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല. ധനസഹായത്തിനുള്ള അപേക്ഷ ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശുപാർശയോടു കൂടിയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ലഭ്യമാക്കേണ്ടത്. ആശ്വാസകിരണം പദ്ധതി ധന സഹായത്തിനുള്ള അപേക്ഷ ശിശു വികസന പദ്ധതി ഓഫീസർക്ക് സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമാക്കി യാൽ ആയത് പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | ധനസഹായം അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ആശാ കിരൺ പദ്ധതി പ്രകാരം ഇവർക്ക് എന്ന് സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | അപേക്ഷ ലഭിച്ചാലുടൻ ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**